# <u>മൂവി റിവ്യൂ - പൊന്മകൾ വന്താൽ</u>

By Jithin Sreedhar

" കാഴ്ചക്കാർ ആരും ഇല്ലാത്തപ്പോൾ നിങ്ങളുടെ കണ്ണ് നിറഞ്ഞിട്ട് ഉണ്ടെങ്കിൽ, ഒന്ന് നിറയാൻ ഭാവിച്ചിട്ട് ഉണ്ടെങ്കിലും മതി, ഓർത്തു നോക്കിക്കൊള്ളുക, ആ നിമിഷം നിങ്ങളുടെ ജീവിതത്തിലെ, ഒന്നുകിൽ പറഞ്ഞറിയിക്കാൻ ആകാത്ത ആനന്ദമായിരുന്നിരിക്കാം, അല്ലെങ്കിൽ ഒരു തീരാ നഷ്ടം ആയിരുന്നിരിക്കാം! 33 വർഷവും, രണ്ടു മാസവും നീണ്ട ഔദ്യോഗിക ജീവിതത്തിൽ നിന്നും, മാസ്ക്ക് വെച്ച നാലഞ്ചു മുഖങ്ങളെ സാക്ഷി നിർത്തി, പ്രിയപ്പെട്ട ജോസ് സർ ഇന്ന് പടിയിറങ്ങുമ്പോൾ, ആ കണ്ണുകളും നിറയാൻ ഭാവിച്ചിരുന്നു! "

ഇന്ന് വൈകിട്ടത്തെ എന്റെ വാട്ട്സാപ്പ് സ്റ്റാറ്റസ് ആണ് ഇത്. ഈ പറഞ്ഞ ജോസ് സാറിനെ, ഒരു പക്ഷെ, നിങ്ങൾക്ക് പരിചയം ഉണ്ടാകില്ല. പക്ഷെ, ഇത് പോലെ പല ജോസ് സാറുമാർ നമ്മുടെ പല ബ്രാഞ്ചുകളിൽ നിന്നും, ഒരല്പം അതിശയോക്തി കലർത്തി പറഞ്ഞാൽ, അനാഥരായി എന്നേക്കുമായി പടിയിറങ്ങി പോകുന്നുണ്ട്! ഇങ്ങനെ ഒരു യാത്രയയപ്പ് അല്ല അർഹിക്കുന്നത് എങ്കിലും പൊരുത്തപ്പെടാതെ നിവൃത്തി ഇല്ല. ഇതിനെല്ലാം കാരണം ഒരു വൈറസ് ആണ്. ഒരു കുഞ്ഞിക്കാട്ടം വലിപ്പമുള്ള വൈറസ്. മനുഷ്യന്റെ "താൻ" എന്ന ഭാവത്തിന്റെ വലുപ്പം വെച്ചു താരതമ്യപെടുത്തി നോക്കിയാൽ, ഒരു പക്ഷെ, മൈക്രോസ്കോപ്പ് വെച്ചു പോലും കാണാൻ കഴിയാത്ത ഒരു കുഞ്ഞൻ!

പറഞ്ഞു വരുമ്പോൾ സിനിമയുടെ മേഖലയിലും ഈ കുഞ്ഞൻ ഒരു പണി പറ്റിച്ചു. സാറ്റലൈറ്റ് വഴി, ലോകത്തിന്റെ പല ഭാഗത്ത് ഉള്ള, ആയിരക്കണക്കിന് മൾട്ടി പ്ലക്സ് തീയറ്ററുകളിൽ ഒരേ ദിവസം, ഒരേ സമയം റീലീസ് ചെയ്തു എന്ന് വീമ്പിളിക്കിയ സിനിമയെ അവൻ ഇന്റർനെറ്റ് വഴി, നമ്മളൊക്കെ പോക്കറ്റിൽ കൊണ്ട് നടക്കുന്ന ഒരു കുഞ്ഞു ഫോണിൽ കൊണ്ട് റീലീസ് ചെയ്യിച്ചു! വീട്ടിൽ ഇരുന്നാൽ മതി, ഇനി സിനിമ നിങ്ങളുടെ വിരൽ തുമ്പിൽ റീലീസ് ചെയ്ത് കൊള്ളും. ആ വിദ്യയുടെ പേരാണ് O T T അഥവാ OVER THE TOP. അങ്ങനെ സാമാന്യം നല്ല രീതിയിൽ, തമിഴ് സിനിമയിൽ കുഴപ്പങ്ങൾ ഒക്കെ ഉണ്ടാക്കി, ഈ കഴിഞ്ഞ ദിവസം, ഓൺലൈനായി, ആമസോൺ പ്രൈമിലൂടെ റീലീസ് ആയ ചിത്രം ആണ് "പൊന്മകൾ വന്താൽ".

ഞാൻ ആദ്യമേ പറഞ്ഞല്ലോ, ജോസ് സാറിനെ പോലെ ഉള്ളവർ ഇങ്ങനെ ഒരു യാത്രയയപ്പ് അല്ല അർഹിക്കുന്നത് എന്ന്. അത് പോലെ തന്നെ ആണ് ഈ സിനിമയുടെ കാര്യവും. പതിഞ്ഞ താളത്തിൽ തുടങ്ങി, ഇന്റർവൽ ആകുമ്പോഴേക്കും പ്രേക്ഷകനെ ആകാംക്ഷയുടെ മുൾ മുനയിൽ എത്തിക്കുന്ന ( അത്രക്ക് മൂർച്ച ഒന്നും അവകാശപ്പെടാൻ ഇല്ല എങ്കിലും, ഒരു ചെറിയ മുന ഉണ്ട് എന്ന് പറയാം) ഒരു പക്കാ തീയറ്റർ ചിത്രം. ഇത് ഇങ്ങനെ ആയിരുന്നില്ല റീലീസ് ചെയ്യേണ്ടിയിരുന്നത്. ഇങ്ങനെ ഉറപ്പിച്ചു പറയാൻ കാരണം, ആദ്യത്തെ അര മണിക്കൂറിന് ഇടക്ക്, കുറഞ്ഞത് ഒരു മൂന്ന് തവണ എങ്കിലും ഞാൻ സിനിമ ഇടക്ക് താൽക്കാലികമായി നിർത്തുകയും, മറ്റ്

പണികൾക്ക് പോവുകയും ഉണ്ടായി എന്നതാണ്. തിരക്കഥ എഴുതുമ്പോഴോ, ചിത്രീകരണം നടക്കുമ്പോഴോ ഇതിന്റെ സംവിധായാകൻ ആയ J. J. Fredrick സ്വപ്നത്തിൽ പോലും കരുതിയിട്ട് ഉണ്ടാകില്ല, ഇങ്ങനെ, ഒരല്പം മടുപ്പ് തോന്നിയാൽ പോലും, pause ചെയ്യാൻ അഥവാ താൽക്കാലികമായി നിർത്തി വെച്ച് എഴുന്നേറ്റ് പോകാൻ സ്വാതന്ത്ര്യം ഉള്ള ഒരു പ്രേക്ഷക സമൂഹത്തിന്റെ മുൻപിലേക്ക് ആണ്, തന്റെ ആദ്യ സിനിമ റിലീസ് ചെയ്യാൻ പോകുന്നത് എന്ന്!

ഊട്ടിയിൽ വർഷങ്ങൾക്ക് മുമ്പ് കൊച്ചു പെണ്കുട്ടികളെ തട്ടി കൊണ്ട് പോയി കൊലപ്പെടുത്തി, അവസാനം പോലീസ് എൻകൗണ്ടറിൽ കൊല്ലപെട്ട, ജ്യോതി എന്ന സ്ത്രീയുടെ, സീരിയൽ കില്ലറുടെ, കഥ പറഞ്ഞു കൊണ്ടാണ് സിനിമ തുടങ്ങുന്നത്. കൊല്ലപ്പെട്ട കുഞ്ഞുങ്ങളുടെ ശരീരങ്ങൾ ജ്യോതി താമസിച്ചിരുന്ന വീടിന്റെ പറമ്പിൽ കുഴിയെടുത്ത്, അതിൽ നിന്നും കണ്ടെടുക്കുന്ന രംഗവും, ആവശ്യമില്ലാതെ ഊട്ടിയിലെ ആ തണുപ്പത്ത്, ഇടക്കിടെ സ്ക്രീനിൽ വന്നു പോകുന്ന മഞ്ഞ കാറും ഒക്കെ കണ്ടാൽ, മലയാള സിനിമ ആയ ദൃശ്യം, ഇതിന്റെ സംവിധായകൻ ഒന്ന് രണ്ട് വട്ടം എങ്കിലും കണ്ടിട്ട് ഉണ്ടാകും എന്ന് ഉറപ്പിക്കാം.

ആ കഥയിലൂടെ തുടക്കം കുറിക്കുന്ന സിനിമ, ആധുനിക കാലത്തേക്ക് വരുമ്പോൾ അതേ ഊട്ടിയിൽ ഉള്ള "വെണ്ബ" എന്ന കഥാപാത്രത്തിന്റെ കഥയാണ് പറയുന്നത്. ഇതിന്റെ പ്രൊഡ്യൂസറിൽ ഒരാൾ കൂടി ആയ ശ്രീമതി ജ്യോതിക അവതരിപ്പിക്കുന്ന വെണ്ബ, ഒരു അഡ്വക്കേറ്റ് ആണ്. തന്റെ ജീവിതത്തിലെ ആദ്യ കേസ് ആയി, തുടക്കത്തിൽ കാണിച്ച 'തുടർ' കൊലപാതകങ്ങൾ എടുത്തു കൊണ്ട്, അതിലെ ജ്യോതിക്ക് നീതി ലഭിക്കണം എന്ന് പറഞ്ഞു കൊണ്ട്, കോടതിക്ക് മുൻപിലേക്ക് എത്തുകയാണ് വെണ്ബ. ഏതാണ്ട് പതിനഞ്ചു വർഷങ്ങൾക്ക് ശേഷം, സമൂഹം മറന്ന് തുടങ്ങിയ ഒരു ദുഷ്ട കഥാപാത്രത്തിന് വേണ്ടി മുന്നോട്ട് വരുന്ന വെണ്ബയ്ക്ക്, ആദ്യ പകുതിയിൽ സിനിമയിലെ സാധാരണ ജനങ്ങളുടെ കല്ലേറുകൾ കൊള്ളേണ്ടി വരുന്നു. പുറം ലോകം അറിയാത്ത ഒരു നീതിക്ക് വേണ്ടി ആകുമല്ലോ ഇത്തരം കഥകളിൽ നായിക/നായകൻ വരുന്നത്. അത് കൊണ്ട് തന്നെ അത്തരം കൂരമ്പുകൾ അവരിൽ ഏൽപ്പിക്കുന്ന മുറിവുകൾ നമ്മൾ സ്വയം അറിഞ്ഞു വേദനിക്കേണ്ടത് ഉണ്ട്! ഇതൊന്നും പോരാതെ, എതിർ വശത്ത്, ഒരു അതി ശക്തൻ ആയ രാഷ്ട്രീയ, വാണിജ്യ ശക്തി ആയി പറയപ്പെടുന്ന, ത്യാഗരാജൻ അത്യാവശ്യം ഓവർ ആക്കിയിട്ടുള്ള, ഒരു വില്ലൻ കഥാപാത്രം ഉണ്ട്. അദ്ദേഹം ആകട്ടെ ഒരു കാരണവും ഇല്ലാതെ, ഇതേ വെണ്ബയെ പേടിക്കുകയും, അവരെ എതിർക്കുവാൻ ആയി അതി ശക്തനായ രാജരത്നം എന്ന മറ്റൊരു അഡ്വക്കേറ്റിനെ, ആദ്യ പകുതിയിൽ തന്നെ ഇറക്കുകയും ചെയ്യുന്നു. ഇത് പറയുമ്പോൾ ഓർമ്മ വരുന്നത് മമ്മൂട്ടിയുടെ അങ്കിൾ എന്ന സിനിമ തീയറ്ററിൽ കണ്ട അനുഭവം ആണ്. നിങ്ങൾ ഓർമ്മ ഇല്ലെങ്കിൽ പറയാം. അതിൽ മമ്മൂട്ടിയുടെ കഥാപാത്രം ഒരു പെണ്കുട്ടിയുമായി ഒറ്റക്ക് യാത്ര ചെയ്യുമ്പോൾ, ആദ്ദേഹം അവളെ എന്തെങ്കിലും ചെയ്യും എന്ന ഒരു "പേടി" ആണ് ആദ്യം മുതൽ സംവിധായകൻ ആ സിനിമയിൽ സൃഷ്ടിക്കാൻ ശ്രമിച്ചത്. എന്നാൽ, ഇടക്ക് വെച്ച്,

അടുത്തിരുന്ന അമ്മ പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി, "മമ്മൂട്ടി അല്ലെ, പേടിക്കണ്ട" എന്ന്! അതാണ് ഈ പറഞ്ഞ രാജരത്നത്തിന്റെ അവസ്ഥയും. പാർഥിപൻ എന്ന സാമാന്യം നല്ല സ്വാഭാവം ഉള്ള കഥാപാത്രങ്ങളിലൂടെ മാത്രം കണ്ട് പരിചയം ഉള്ള ഒരു നടൻ കൂടി, ഓവർ കോട്ടിട്ട് രംഗത്ത് എത്തിയതോടെ പേടിക്കാൻ ഇനി ഒന്നും ഇല്ല എന്ന് ഞാൻ ഉറപ്പിച്ചു. അങ്ങനെ മുന്നോട്ട് പോയപ്പോൾ നേരത്തെ പറഞ്ഞ 'ഞെട്ടലോടെ' ഇന്റർവൽ ആയി. ഇന്നലെ രാത്രി ഇത്രയും കണ്ട്, ഫോൺ മാറ്റി വെച്ചു ഞാൻ കിടന്ന് ഉറങ്ങി!
രണ്ടാം പകുതി ഇന്നേ ദിവസം ആണ് കണ്ടത്. ആദ്യം സ്ക്രീനിൽ കറങ്ങിയ മഞ്ഞ കാർ, തെളിവും ആയി വരും എന്ന് വെറുതെ ഞാൻ ആശിച്ചു. ഉണ്ടായില്ല. വെണ്ബയും, രാജരത്നവും കൂടി മറഞ്ഞു കിടക്കുന്ന തെളിവുകൾ കൊണ്ട് വന്ന് അതിശയിപ്പിക്കും എന്നും കരുതി. അതും ഉണ്ടായില്ല. പിന്നെ എങ്ങനെ ഈ കേസ് ഇവർ തെളിയിക്കുന്നു എന്നത് നിങ്ങൾ കണ്ടു തന്നെ അറിയുക. ആദ്യ പകുതിയിൽ കുറച്ചു കോമഡി ഉണ്ടെങ്കിലും, രണ്ടാം പകുതി ആ വഴിക്ക് ഒന്നും സഞ്ചരിച്ചു കണ്ടില്ല. ജ്യോതിക എന്ന നടിയുടെ സാമാന്യം നല്ല രീതിയിൽ ഉള്ള പ്രകടനവും കാണാൻ ആയി. പ്രതാപ് പോത്തന്റെ ജഡ്ജി കഥാപാത്രവും, ഭാഗ്യരാജ് അവതരിപ്പിക്കുന്ന അച്ഛൻ കഥാപാത്രവും ഒക്കെ സിനിമയെ തങ്ങളാൽ ആകുന്ന വിധം മുന്നോട്ട് കൊണ്ട് പോകുന്നു.

ഒരു സിനിമ എടുക്കാൻ ഉള്ള ബുദ്ധിമുട്ട് കുറച്ചൊന്നും അല്ല എന്ന് അറിയാവുന്നത് കൊണ്ട്, തീരെ മോശം എന്ന് പറയാൻ കഴിയുന്നില്ല ഇത്. ഒരു പക്ഷെ, തീയറ്ററിൽ ആയിരുന്നെങ്കിൽ ഇങ്ങനെ ആയിരിക്കില്ല ഈ സിനിമയും, രണ്ടാം പകുതിയിലെ, ജ്യോതികയുടെ പ്രകടനവും ഒക്കെ എന്നെ സ്വാധീനിച്ചിട്ട് ഉണ്ടാകുക. അവിടെ, മടുപ്പ് തോന്നുമ്പോൾ 10 sec മുന്നോട്ട് ഓടിച്ചു വിടാൻ, തീയറ്ററിൽ സ്ക്രീൻ എന്റെ കൈയ്യിൽ അല്ലല്ലോ! അങ്ങനെ നോക്കുമ്പോൾ ഈ സിനിമ ഒരു പാഠം ആണ്. കൈയ്യിൽ സ്ക്രീനും ആയി ഇരിക്കുന്ന ഒരു പ്രേക്ഷകന്റെ മുന്നിലേക്ക് ആണ് ഇനി നിങ്ങൾ സിനിമ ഇറക്കേണ്ടത്. അതു കൊണ്ട് തന്നെ, മുന്നോട്ട് കാണാൻ അവന് ആകാംഷ ഉണ്ടാകുന്നതാകണം ഓരോ ഫ്രെയിമും എന്ന പാഠം പഠിക്കാതെ ഇനി സിനിമ വ്യവസായത്തിന് മുന്നോട്ട് പോകാൻ ആകില്ല എന്ന് ഈ സിനിമ പറയാതെ പറഞ്ഞു വെക്കുന്നു എന്ന് പറയേണ്ടി വരും!

TB Movie Panel